ബ്രഹ്മപുരത്ത് ഡീസൽ വാങ്ങാൻ ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി കരാർ

106 (273) ശ്രീ. പി.ജെ. ജോയി ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.ബ്രഹ്മപുരത്ത് ഡീസൽ വാങ്ങാൻ ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി കരാർ ഒപ്പിട്ടപ്പോൾ കോഴിക്കോട് ഡീസൽ നിലയത്തിനും ഐ.ഒ.സി.യിൽ നിന്നും ഇന്ധനം വാങ്ങിക്കൊള്ളാമെന്ന് വ്യവസ്ഥ ചെയ്തിരുന്നുവോ;

(ബി) എങ്കിൽ അതിന് കാരണം എന്ത്; ഈ വ്യവസ്ഥ സംബന്ധിച്ച് സർക്കാർ കെ.എസ്.ഇ.ബി.യിൽ നിന്നും ആവശ്യപ്പെട്ട വിശദീകരണത്തിന്റെ മറുപടി വെളിപ്പെടുത്തുമോ; ഈ വ്യവസ്ഥ പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്ത്;

(സി) ഒരു വർഷം കോഴിക്കോട് നിലയത്തിന് എത്ര കോടി രൂപയുടെ ഇന്ധനവും ലൂബ്രിക്കന്റ് ഓയിലും വേണമെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ടെന്ററില്ലാതെ വാർട്ട്സില കമ്പനിയിൽ നിന്നും ലൂബ്രിക്കന്റ് വാങ്ങാൻ ചീഫ് എഞ്ചിനീയർ ഈ കമ്പനിക്ക് കത്തെഴുതിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം സർക്കാർ അന്വേഷിക്കുമോ;

(ഇ) ബ്രഹ്മപുരത്ത് ഐ.ഒ.സി.യിൽ നിന്നും എത്തുന്ന ഡീസൽ അളക്കുന്ന ഇപ്പോഴത്തെ സമ്പ്രദായം എന്താണ്; വെയ്ബ്രിഡ്ജ് ഉപയോഗിച്ചുള്ള സമ്പ്രദായം ക്രമക്കേടിനിടയാക്കുമെന്ന് ചീഫ് എഞ്ചിനീയർ (ഒ.ആന്റ് എം. തെർമൽ) ചെയർമാന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(എഫ്) ബ്രഹ്മപുരത്ത് ഡീസലും മറ്റു ഇന്ധനങ്ങളും ഉപയോഗിച്ചത് സംബന്ധിച്ച് കെ.എസ്.ഇ.ബി.യുടെ ഇന്റേണൽ ആഡിറ്റ് വിഭാഗം ഏറ്റവും ഒടുവിൽ നടത്തിയ പരിശോധനയുടെ (1997-98-ലെയും 1998-1999-ലെയും ഉപയോഗം സംബന്ധിച്ച്) റിപ്പോർട്ട് ലഭ്യമാക്കുമോ;

(ജി) ഡീസൽ ഉപയോഗവും കണക്കുകളും തമ്മിൽ പൊരുത്തം ഇല്ലെന്ന് റിപ്പോർട്ടിൽ പറയുന്നുണ്ടോ; എങ്കിൽ ഇതിനുമേൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) ഇല്ല.

(ബി) പ്രസക്തമല്ല.

(സി) ഇന്ധന വില ഏകദേശം 200 കോടി രൂപ, ലൂബ്രിക്കന്റ് ഓയിൽ വില ഏകദേശം 4.75 കോടി രൂപ

(ഡി) ഇല്ല. ബാധകമല്ല.

(ഇ) ഡിപ്പ് സ്റ്റിക് ഉപയോഗിച്ചാണ് ഡീസൽ അളക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ് &ജി) ഡീസൽ/എൽ.എസ്.എച്ച്.എസ്. ഉപയോഗം സംബന്ധിച്ച പരിശോധന നടത്തിയിരുന്നു. ഇന്ധന ഉപയോഗത്തെ സംബന്ധിച്ച ആക്ഷേപങ്ങൾ അടിസ്ഥാനരഹിതമാണെന്ന് ആഡിറ്റ് റിപ്പോർട്ടിൽ തെളിഞ്ഞിട്ടുണ്ട്.

മിനിമം ഗ്യാരന്റി വ്യവസ്ഥയിൽ വൈദ്യുതി കണക്ഷന് വേണ്ടിയുള്ള ബുദ്ധിമുട്ടുകൾ

107 (274) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ നിയോജകമണ്ഡലത്തിൽ മിനിമം ഗ്യാരണ്ടി വ്യവസ്ഥയിൽ വൈദ്യുതി കണക്ഷനു വേണ്ടിയുള്ള അപേക്ഷ നൽകി മാസങ്ങൾ കഴിഞ്ഞിട്ടും കണക്ഷൻ നൽകിയിട്ടില്ലാത്തതുമൂലം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കിളിമാനൂർ, പുളിമാത്ത്, പഴയ കുന്നുമ്മേൽ, മടവൂർ, പള്ളിക്കൽ, നാവായിക്കുളം, കരവാരം,നഗരൂർ, മുദാക്കൽ എന്നീ പഞ്ചായത്തുകളിൽ ഓരോന്നിലും മിനിമം ഗ്യാരന്റി വ്യവസ്ഥയിൽ വൈദ്യുതി കണക്ഷനു വേണ്ടി അപേക്ഷ നൽകിയിട്ടുള്ളവർ എത്ര വീതമെന്ന് വ്യക്തമാക്കാമോ;

(സി) ഇവർക്ക് എന്നത്തേക്ക് വൈദ്യുതി കണക്ഷൻ നല്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നാവായിക്കുളം പഞ്ചായത്തിൽ 1994-95-ൽ അനുമതി നല്കിയ ഒരു വർക്കിൽ പത്തു പേരും, മുദാക്കൽ പഞ്ചായത്തിൽ 96-97-ൽ അനുമതി നല്കിയ രണ്ടു വർക്കുകളിലായി 56 പേരുമാണ് അപേക്ഷകരായി ഉള്ളത്.

(സി) 31-3-1994 വരെ രജിസ്റ്റർ ചെയ്തിട്ടുള്ള മിനിമം ഗ്യാരന്റി വർക്കുകളാണ് ഈ സാമ്പത്തിക വർഷം ചെയ്തു തീർക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്.

ഊർജ്ജമേഖലയെ സംബന്ധിക്കുന്ന ഉപദേഷ്ടാവിന്റെ യോഗ്യതകളും പരിചയവും

108 (275) ശ്രീ.വി. ജെ. പൗലോസ്:
ശ്രീ. ജോർജ്. ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന് ഊർജ്ജ മേഖലയെ സംബന്ധിക്കുന്ന കാര്യങ്ങൾക്ക് ഒരു ഉപദേഷ്ടാവിനെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ആരെന്ന് അറിയിക്കുമോ;

(ബി) ഇദ്ദേഹത്തിന്റെ യോഗ്യതയും പരിചയവും എന്തെന്ന് വ്യക്തമാക്കുമോ;

(സി) ഇദ്ദേഹത്തിന്റെ സേവന-വേതന വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly